## എന്തുകൊണ്ട് ഞാൻ? എങ്ങനെയാണ് എനിക്ക് ഓണ് ലൈൻ സത്യവാങ്മൂലങ്ങള് ഉപയോഗിക്കുവാനാകുക?

## എന്തുകൊണ്ട്?

1. ഓരോ വിദ്യാർത്ഥിയും അവന്റെ/അവളുടെ മാതാപിതാക്കളും ആദ്യ അഡ്മിഷൻ സമയത്തും പിന്നീട് വാർഷിക അഡ്മിഷന് സമയത്ത് ഓരോ വർഷവും ഒരു റാഗിംഗ് വിരുദ്ധ സത്യവാങ്മൂലം സമർപ്പിക്കണം എന്നത് നിർബന്ധമാണ്. ഇവ യുജിസി യുടെ നിബന്ധനയാണ്.
2. വിദ്യാർത്ഥികളെ ബന്ധപ്പെടുന്നതിനുള്ള വിവരങ്ങള് ശേഖരിച്ച് ഒരു കേന്ദ്രത്തിൽ ഇലക്ട്രോണിക്കലായി സൂക്ഷിക്കണം എന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ആജ്ഞയാണ്.
3. ഓരോ കോളേജും ഇപ്പോൾ അത്തരം വിവരങ്ങള് ശേഖരിക്കുന്നുണ്ട്. എന്നാൽ ഇത് ഒരു കേന്ദ്ര സ്ഥാനത്ത് ശേഖരിച്ച് വച്ചിട്ടില്ല. എന്നാൽ ഈ വർഷം റാഗിംഗ് വിരുദ്ധ സത്യവാങ്മൂലം ഡൌൺലോഡ് ചെയ്യുന്നതിനായി റാഗിംഗ് പ്രിവൻഷന് പ്രോഗ്രാം ഒരു ഓണ് ലൈന് നടപടിക്രമം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിന്റെ ഫലമായി കോളേജ് അധികാരികൾ പ്രത്യേകമായി വിവരങ്ങള് ശേഖരിച്ച് ക്രോഡീകരിക്കേണ്ടതില്ല. ഇത് അവരുരെ സമയവും ഊർജ്ജവും വളരെയധികം ലാഭിക്കുന്നു.

## എങ്ങനെ?

4. ഇത് 3 സ്റ്റെപ്പുകളുള്ള ലഘുവായ ഒരു നടപടിക്രമം ആണ്
   - സ്റ്റെപ്പ്1: www.ANTIRAGGING.in
   - സ്റ്റെപ്പ്2: ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ച് ഫോം സബ്മിറ്റ് ചെയ്യുക.
   - സ്റ്റെപ്പ്3: വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞാല്, വിദ്യാർത്ഥിക്കും മാതാപിതാക്കൾക്കുമുള്ള സത്യവാങ്മൂലങ്ങൾ ഈ മെയിലായി നിങ്ങൾക്ക് ലഭിക്കും.

5. നിങ്ങൾക്ക് ഒരു ഈ മെയില് വിലാസമില്ലെങ്കില് ലോഗോണ് ചെയ്യുന്നതിന് മുൻപ് ദയവായി ഒണ് സൃഷ്ടിക്കുക. നിങ്ങളുടെ മാതാപിതാക്കൾക്ക് ഒരു ഈ മെയില് /മൊബൈൽ/ ലാൻഡ് ലൈൻ ഫോണ് നമ്പര് ഇല്ലെങ്കില് വിഷമിക്കേണ്ടതില്ല.

നിങ്ങൾക്ക് നിങ്ങളുടെ സുഹൃത്തുക്കളുടേയോ ബന്ധുക്കളുടേയോ നൽകുവാന് കഴിയും. വേവലാതിപ്പെടാനൊന്നുമില്ല. ഫോം സമർപ്പിക്കുമ്പോള് നിങ്ങൾക്ക് ഒരു തെറ്റു പറ്റിയാല്, നിങ്ങൾക്ക് ആദ്യം മുതല് തുടങ്ങി വിവരങ്ങൾ വീണ്ടും സമർപ്പിക്കുവാനാകും. അതിനു പ്രശ്നമൊന്നുമില്ല. ഇത് വളരെ എളുപ്പമുള്ള നടപടിക്രമമാണ്.